# NEXTREND

*Magazine*

THINK UNLIMITED



# 2024

LITTLE KITES DIGITAL MAGAZINE

ST.JOSEPH'S CGHSS, KOTTAYAM

# ആശംസ



പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്സ് ടീം,

നിങ്ങളുടെ മികച്ച ഐടി ഡിജിറ്റൽ മാസികയുടെ പതിപ്പ് കണ്ടതിൽ ഞാൻ അതിയായ സന്തോഷം പ്രകടിപ്പിക്കുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും സാങ്കേതികവിദ്യാ നൈപുണ്യവും പ്രകടമാക്കുന്ന ഈ മാസിക വിദ്യാഭ്യാസ മേഖലയിൽ മികച്ച ഒരു സംഭാവനയാണ്..

വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും വിവരദായകമായ വാർത്തകളും ഈ മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കുട്ടികളുടെ കഥകളും കവിതകളും ചിത്ര കലയും ഈ മാസികയെ കൂടുതൽ ആകർഷകമാക്കുന്നു.

വായനാശീലം വളർത്തുകയും അവരുടെ പൊതുജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യും എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ മാസികയുടെ നിർമ്മാണത്തിൽ പങ്കാളികളായ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.മാത്രമല്ല നിങ്ങൾ ഓരോരുത്തരും ഡിജിറ്റലായി കാര്യങ്ങൾ ചെയ്യാൻ പഠിക്കുകയും ചെയ്തു.

ഈ മാസിക ഭാവിയിലും ഇതുപോലെ മികച്ചതായി തുടരട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ

സുമിനാമോൾ കെ ജോൺ
(ഹെഡ്മിസ്ട്രസ്സ്)
സെൻറ് ജോസഫ്സ് സി ജി എച് എസ് കോട്ടയം

# എഡിറ്റോറിയൽ

**MANAGING EDITOR :** *Smt. Suminamol K John (Headmistress)*

**CHIEF EDITOR :** *Smt. Geemol Mathew*

**ASSOCIATE EDITOR :** *Smt. Junu N Raj*


**STUDENT EDITORS :** *Aadhila V M*
*Andrina R Francis*
*Ayana Susan Jijo*
*Nazrin Ajimal*

# പരീക്ഷാപ്പേ.....

കൊല്ലപരീക്ഷ ഇങ്ങെത്തിയിട്ടും
ഒരു ചൂടും ഇല്ലല്ലോ കുഞ്ഞേ നിനക്ക്
കാലത്തെണിക്കൂല ഒന്നും പഠിക്കൂല.....
ഫോണിലാണെപ്പോഴും നോട്ടം.

പരീക്ഷകൾ അനവധി പാസായിടേണം
ജീവിതമാകുന്ന വലിയ പരീക്ഷയിൽ
വെട്ടിതിരുത്തിയും തൂത്തു
തുടച്ചുമാറ്റിയെഴുതിയുംജയിച്ചിടേണം.....

ഫേസ്ബുക്കും വാട്സ്ആപ്പും ചാറ്റിങ്ങും ആയി....
സമയം വെറുതെ കളയല്ലേ കുഞ്ഞേ......പൊയ്പോയ
കാലവും പാഴായ നേരവും തിരികെ വരികയില്ലൊരു
നാളുമോർക്ക നീ.......



അയന സൂസൻ ജിജോ
**8 B**

# എന്റെ വീട് എന്റെ കൂട്....

തന്റെവീട്ടിൽ ഇരിക്കുന്നതിലും സുഖം മറ്റെവിടെ ചെന്നാലാണ് കിട്ടുക? ഉത്തരം പലർക്കും പലതാവും. എന്നാൽ എനിക്ക് ഉത്തരം ഒന്നും ഇല്ല .കാരണം ഞാൻ ഇതുവരെയും ഉത്തരം കണ്ടുപിടിച്ചിട്ടില്ല.എന്റെഅഭിപ്രായത്തിൽ വീട്ടിൽ ഇരിക്കുന്നതിലും സുഖം മറ്റെവിടെയും ഇല്ല .എനിക്ക് ഇത് തെളിയിക്കാൻ കഴിയും.തെളിവ് എന്റെ ഒരു അനുഭവമാണ്...

അന്ന് ഒരു വേനലവധി ദിവസമായിരുന്നു .ഞാൻ എന്റെ അപ്പച്ചിയുടെ വീട്ടിൽ പോകാൻ ഒരുങ്ങുകയാണ് .ഞാൻ അദ്യമായിട്ടാണിവിടെ പോകുന്നത് .വളരെ ഉത്സാഹമായിരുന്നു എനിക്ക് അങ്ങോട്ട് പോകാൻ . ഒരു ആറാഴ്ചയെങ്കിലും അവിടെ നിൽക്കണം എന്നാണ് ഞാൻ കരുതിയത് .കഴിയുമോ എന്ന് എനിക്ക് സംശയം ഉണ്ടായിരുന്നു .അച്ഛനും അമ്മയും കൂടി എന്നെ അവിടെ കൊണ്ടാക്കി ഒരു അഞ്ച് ആറ് മണിക്കൂർ അവിടെ ചെലവഴിച്ചതിനുശേഷം തിരിച്ചു പോയി.....

അപ്പച്ചിക്ക് മൂന്ന് മക്കളാണ് രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയും .മൂത്തതാണ് പെൺകുട്ടി പേര് ലക്ഷ്മി .ബാക്കി രണ്ട് ആൺകുട്ടികൾ ഇരട്ടക്കുട്ടികളാണ് ഒരാളുടെ പേര് ഗോവിന്ദനും മറ്റേ ആളുടെ പേര് ഗൗതം.രണ്ടുപേരുടെയും സ്വഭാവം ഒരുപോലെ തന്നെയാണ് ..മൂത്ത ചേച്ചി പ്ലസ് ടു വിൽ ആണ്. ഗൗതത്തിനും ഗോവിന്ദനും എന്റെ പ്രായം എട്ടാം ക്ലാസ്സിൽ തന്നെ..അമ്മു ചേച്ചിക്ക് അതായത് ലക്ഷ്മിക്ക് എപ്പോഴും തിരക്കായിരുന്നു

ഗോവിന്ദനും ഗൗതമും സദാസമയം കൂട്ടുകാരുടെ വീട്ടിൽ അല്ലെങ്കിൽ ടി വി യുടെ മുൻപിൽ. പിന്നെ ആകെ ഒരു ആശ്വാസം അവിടെയുള്ള ബാലരമ കളാണ്. വൈകിട്ട് ഒരു ആറു മണി കഴിഞ്ഞാൽ അമ്മുച്ചേച്ചി ഫ്രീ ആണ്. പിന്നെ ഞങ്ങൾ കലപില പറഞ്ഞുകൊണ്ടേയിരിക്കും. ഒന്നുരണ്ടാഴ്ച പോലും കഴിഞ്ഞില്ല അതിനു മുമ്പ് തന്നെ ഞാൻ മടുത്തു വരാൻ നേരത്ത് ഉള്ള ഉത്സാഹമൊക്കെ എപ്പഴേ അണഞ്ഞിരുന്നു.

എത്രയും പെട്ടെന്ന് വീട്ടിൽ എത്തിയാൽ മതി എന്നായിരുന്നു അതിനകം വൈകാതെ തന്നെ അമ്മ എന്നെ വിളിക്കാൻ എത്തി അമ്മ വരുമെന്ന് പറഞ്ഞപ്പോൾ മുതൽ ഇടതോരാതെ ഫോണിൽ വിളിച്ചുകൊണ്ടിരിക്കുമായിരുന്നു വണ്ടിയിൽ പോകുന്നവഴി അമ്മ ചോദിച്ചു ഇനി കുഞ്ഞിനെങ്ങോട്ടാ പോവേണ്ടേ?ഞാൻഅമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു പോയിഅത്ര ഇഷ്ടമായിരുന്നു എനിക്ക് എന്റെ വീട്...



മനീഷ എസ്
8B

# ഓർമ്മ

കൽപ്പടവിലിരുന്ന് അവൾ പിന്നെയും കാതോർത്തു.....പുഴയുടെ കളകളാരവം കേട്ട് അവൾ കാതോർത്തു.പുഴയുടെ പാടുന്ന പാട്ടിന്റെ ഈണം അത് എന്ത് ഇമ്പകരമാണ് കേൾക്കാൻ. അറിയാതെ അവൾ തന്റെ കുഞ്ഞുനാളിലെ ചിന്തകളിലേക്ക് ഒഴുകിപ്പോയി.......
പുഴയുടെ കരയിൽ അമ്മമാർ തുണി അലക്കുന്ന ശബ്ദം കേൾക്കാം അവരുടെ സംസാരവും ഒരുഭാഗത്ത്,കുട്ടികൾ ഉയരമുള്ള ഇടത്തിൽ നിന്നും പുഴയിലേക്ക് എടുത്തു ചാടി കളിക്കുന്നു. അവർ വെള്ളത്തിലേക്ക് ചാടുമ്പോൾ ഉള്ള ശബ്ദം.... എല്ലാവരും അങ്ങോട്ട് നോക്കി നിൽക്കും. കുറച്ചു കൂട്ടുകാർ കുഞ്ഞു പെറ്റിക്കോട്ടും ഇട്ട് അമ്മമാരുടെ ചുറ്റും നീന്തി കളിക്കും. എന്നും പുഴയിൽ വന്നു കളിച്ചിരുന്ന കാലം .സ്കൂൾ വിട്ടു വന്നാൽ എല്ലാവരും ഒത്തുകൂടുന്ന ഒരു സ്ഥലമായിരുന്നു പുഴയോരത്തെ കൽപ്പടവുകൾ. പച്ചമാങ്ങയും, ഉപ്പിലിട്ട മാങ്ങയും ചാമ്പങ്ങയും എല്ലാം തിന്നു രസിച്ചത് എത്ര മധുരമുള്ള ഓർമ്മകൾ . ആ കാലത്തിലേക്ക് ഒന്ന് മടങ്ങി പോകാൻ സാധിച്ചിരുന്നെങ്കിൽ!എന്നാൽ ഇന്ന് പുഴയോരത്തെ കൽപ്പടവിൽ ഇരുന്ന് കാതോർത്തു നോക്കി വെള്ളത്തിൽ ചാടി കളിക്കുവാൻ ആരുമില്ല.......

ജോസ്നി സുനിൽ
**8B**





**DIGITAL PAINTING BY :**

*Adheena Sabu*

**9B**

# പ്രതിഭകൾ







# SCHOOL ACTIVITIES









# LIFE....

*Life is an opportunity – Benefit it*
*Life is beauty – Admire it*
*Life is a dream – Realise it*
*Life is a challenge – Meet it*
*Life is a duty – Complete it*
*Life is a game – Play it*
*Life is a promise – Full fill it*
*Life is sorrow – Overcome it*
*Life is a song – Sing it*
*Life is a struggle – Accept it*

*Andrina R Francis*
*9B*

# TONGUE TWISTERS

- *Rubber baby buggy bumpers*
- *Snow light, no swipe*
- *She sells seashells by the sea shore*
- *Black bugs blood*
- *A blockes back brake blick broke*
- *They threw three quick things*
- *A bakery man bakes a cake in a bakery*
- *A dozen double dam ask dinner napkins*

*Biya Mariam Biju*
*9B*

# FUN 'N' FUN

1. *The English alphabet which make us empty? – "M. T"*
2. *What is the centre of you? – "O"*
3. *What is the colour of rain? –"Water colour"*
4. *The fruit found in calender? –" Dates"*
5. *What is the silent part of girl? –" R"*
6. *What coat did the boy ant wear to attract the girl ant?*
   *–"Sugar coat"*
7. *Hottest day in a week? –" Fri – day "*

*JIYA JAIN*
*10 B*

# *FUN WITH NAMES*

- *The coldest poet – Robert Frost*
- *The poet who is always at sea – P. B Shelly*
- *The most romantic poet – Love Lace*
- *The most cheerful author – Samuel Smiles*
- *The sportsman poet – Alfred Tennyson*
- *The most colourful poet – Robert Browning*

*ANN MARIA JOSEPH*
*9 B*

# ഞാനറിയാതെ.....

സ്നേഹം തുളുമ്പുന്ന നിൻ മിഴിയിൽ... ⸝⸝
ആ സ്നേഹ
കാവ്യത്തിൽ നിറഞ്ഞുനിന്നു. ⸝⸝
എന്നോടുള്ള നിൻ സ്നേഹവായ്പ്പ്............

കാറ്റിന്റെ ഈണത്തിൽ ഞാൻ അലിഞ്ഞപ്പോൾ.....
നിൻ സ്വരസ്പന്ദനം ഞാൻ അറിഞ്ഞു...
ചാരിയിട്ടാ വാതിൽ
പാളികൾക്കിടയിൽ
ഞാൻ കണ്ടു നിന്റെ സ്നേഹാർദ്രമാം വദനം
ഓടി വന്നെത്തി നോക്കി ഞാൻ നിന്റെ
പദചലനം ഏറ്റ എൻ പടിയിൽ...,
ഒരു നോക്ക് കാണാൻ കൊതിച്ചിരുന്ന എന്നെ
ഒരു നെടുവീർപ്പോടെ വാരിപ്പുണർന്നു.....

ഡിംപിൾ ഹാർമിസ് ബിജു

**8B**

# JUBILEE NAMES

1st Anniversary – Paper Jubilee
2nd Anniversary – Colten Jubilee
3 rd Anniversary – Leather Jubilee
4 th Anniversary – Fruit/flower Jubilee
5 th Anniversary – Wooden Jubilee
6 th Anniversary – Sugar/ iron Jubilee
7 th Anniversary – Wool Jubilee
8 th Anniversary – Bronze Jubilee
9 th Anniversary – Copper /pottery Jubilee
10 th Anniversary – Tin Jubilee
15 th Anniversary – Crystal Jubilee
20 th Anniversary – China Jubilee
25 th Anniversary – Silver Jubilee
30 th Anniversary – Pearl Jubilee
35 th Anniversary – Coral Jubilee
40 th Anniversary – Ruby Jubilee
45 th Anniversary – Sapphire Jubilee
50 th Anniversary – Golden Jubilee
55 th Anniversary – Wooden Jubilee
60 th Anniversary – Diamond Jubilee
75 th Anniversary – Platinum Jubilee
100 th Anniversary – Centenary Jubilee

Aleena Shiji
9B

# FUNNY ONION

*I am an onion pink and plump,*
*I love to roll around and jump,*
*My rich flavour and my taste,*
*Add joy to every face.*
*When you peel me, I don't cry ;*
*Yet you call me unkind,*
*Oh!Why?*
*I am not to be blamed, am I?*
*For bringing tears to every eye...*

*Nazrin Ajimal*
*8B*

# MY CUTE FRIEND

*All the dew drops in my memory tells about you;*
*All the dew drops in my heart tells about you.*
*I see you with my eyes as an angel.*
*I hear you in my heart as my heart beats.*
*I feel your presence and I enjoy your love.*
*If you are going to be a flower*
*I will be the stem.*
*If you are going to be the star*
*I will be the sky.*
*If you are going to be the waves*
*I will be the sea.*
*I feel your presence and I enjoy your love*
*I hope that you will never forget me....*

*Adhila V M*
*9B*

# MY AMBITION IN LIFE

*Choosing a career of one's liking is not very easy and to achieve one's ambition is still more tough. Like all other children in my primary school days I played at being a doctor, teacher and so on. Now that I am bigger, I feel I would like to be a teacher.*

*I think teaching is a very noble profession. First to all, a teacher should be a model for her/ his students. By teaching, one has to further the education of one's students and also shape them worthy citizens of our country. A student expects his / her teacher to be able to clear all his doubts at least in the subject concerned. Since a teacher deals with students of different traits, it is necessary for the teacher to be tactfulness firm and to have a sense of humour too! I also think that a teacher Will have a greater sense of achievement and satisfaction when he sees his old students doing well and occupying important positions in life.*

*I hope I can do well in that profession and my teachers are always an inspiration for me. I wish all of you to come high and achieve high in your profession and to do well in your life*

*Avani Santhosh*
*10 B*

# പ്രകൃതി എന്റെ അമ്മ

പ്രകൃതി ദൈവത്തിന്റെ വരദാനമാണ്. പ്രകൃതിയെ നാം അങ്ങേയറ്റം സ്നേഹത്തോടെയും ഭവ്യതയോടും കൂടെ വീക്ഷിക്കണം. എന്താണ് പ്രകൃതി? മനുഷ്യനും ജീവജാലങ്ങളും മരങ്ങളും സസ്യങ്ങളും അങ്ങനെ സർവ്വചരാചരങ്ങളും അടങ്ങിയതാണ് പ്രകൃതി. ഇവയെല്ലാം ഉൾപ്പെട്ട പ്രകൃതിയെ നമുക്ക് ദുരുപയോഗിക്കാനുള്ളതല്ല

നമ്മുടെ പൂർവികർ അവരുടെ ആവശ്യങ്ങൾക്ക് ശേഷം നമുക്കായി കരുതി വച്ചിരിക്കുന്ന ജൈവികസമ്പത്താണ് ഇന്ന് നാം നമുക്ക് ചുറ്റും കാണുന്നത്. അതുപോലെതന്നെ നമ്മളും അടുത്ത തലമുറയ്ക്കായി പ്രകൃതിയെ സംഭരിച്ചു വയ്ക്കണം. അനേകം വൃക്ഷലതാദികളാൽ സമ്പുഷ്ടമായ ഒരു ജൈവിക സമ്പത്ത് നാം അടുത്ത തലമുറയ്ക്ക് കൈമാറണം.

നാം അഭിമുഖീകരിക്കുന്ന ഒരു ഗുരുതരമായ പ്രശ്നമാണ് "പ്രകൃതി ചൂഷണം" എന്നുവച്ചാൽ പ്രകൃതിയെ പലവിധത്തിൽ കൊള്ളയടിക്കുന്നു. ഭൂമി മാതാവിനെ നാം നിർദയം മലിനമാക്കുന്നു. അവളുടെ ശരീരത്തിന്റെ അല്ലെങ്കിൽ ജീവന്റെ ഒരു ഭാഗമായ മരങ്ങളെയും സസ്യങ്ങളെയും അവളിൽ നിന്ന് അകറ്റുന്നു. സത്യത്തിൽ നാം തന്നെയാണ് നമ്മുടെ കൊലയാളികൾ. കാരണം ജലം വേണമെങ്കിൽ മഴ വേണം. മഴ വേണമെങ്കിൽ നാം മരം നട്ടുപിടിപ്പിക്കണം. അതിനായി നാം തയ്യാറാകണം. നമുക്ക് വിശ്വസിക്കാൻ ജീവവായു വേണം. അതിനായി സസ്യങ്ങൾ വേണമെന്ന് നമുക്കറിയാം.

ചുരുക്കിപ്പറഞ്ഞാൽ സസ്യങ്ങളും മനുഷ്യരും തമ്മിൽ അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. സസ്യങ്ങളെ ഉന്മൂലനം ചെയ്യുക വഴി ശുദ്ധവായു നമുക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത് എന്ന് നാം അറിയണം. താൻ കുഴിച്ച കുഴിയിൽ താൻ തന്നെ എന്ന് പഴഞ്ചൊല്ല് ഇവിടെ അന്വർത്ഥമാകുന്നു.

നാം മനുഷ്യരാണ്. പ്രകൃതിയുടെ കാവൽക്കാർ. പ്രകൃതി നമ്മുടെ അമ്മയാണ് എന്ന് നാം മനസ്സിലാക്കണം. ആ ഒരു മനോഭാവം നമ്മിൽ ഉണ്ടാകണം. പ്രകൃതിയിലെ ഓരോ വ്യത്യാസങ്ങളും നമ്മുടെ ജീവിതവ്യത്യാസങ്ങൾ ആയിരിക്കണം. പ്രകൃതിയുമായുള്ള നമ്മുടെ ബന്ധം അനന്തം ആയിരിക്കണം. നിത്യവും നമ്മുടെ ഭൂമി ഹരിത വർണ്ണത്താൽ നിറയണം എന്ന ചിന്ത നമുക്കുണ്ടാവണം. പ്രകൃതിയെ നാം ആഴത്തിൽ സ്നേഹിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. നമ്മുടെ അമ്മയായ പ്രകൃതിയുടെ ക്ഷേമത്തിനുവേണ്ടി പ്രയത്നിക്കണം. പ്രകൃതിയെ നശിപ്പിക്കാൻ തുനിയുന്നവരെ തടയും എന്നും പ്രതിജ്ഞ എടുക്കാം. "ഭൂമി എന്റെ അമ്മ" എന്ന വാചകം ഉയർത്തിപ്പിടിച്ച് ജീവിതത്തിൽ മുന്നേറാം........

ദേവനന്ദ ഡി
**10 B**

# Thankyou

By, St.Joseph's CGHSS, Kottayam
Little Kites unit